പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3217

03/04/2013-ൽ മറുപടിക്ക്

## കുടുംബശ്രീക്ക് സംയോജിത മേൽനോട്ട സമിതി

ചോദ്യം

ശ്രീ. എം. എ. വാഹിദ്
ശ്രീ. ഷാഫി പറമ്പിൽ
ശ്രീ. പി.എ മാധവൻ
ശ്രീ. അൻവർ സാദത്ത്

ഉത്തരം

ഡോ. എം. കെ. മുനീർ
ബഹു: പഞ്ചായത്തും സാമൂഹ്യനീതിയും
വകുപ്പുമന്ത്രി

(എ) കുടുംബശ്രീക്ക് സംയോജിത മേൽനോട്ട സമിതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(എ) ഉണ്ട്. 07-09-2012 ലെ സ.ഉ. (സാധാ) നം. 2538/2012/തസ്വഭവ പ്രകാരം കുടുംബശ്രീ സംയോജിത മേൽനോട്ട സമിതി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. 14 എം.എൽ.എ. മാർ അംഗങ്ങളായിട്ടുള്ള കമ്മിറ്റിയാണ് രൂപീകരിച്ചിട്ടുള്ളത്.

(ബി) പ്രസ്തുത സമിതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) വിവിധ വകുപ്പുകളുടെ വികസന പദ്ധതികളുടെ ഭാഗമായി നടപ്പിലാക്കുന്ന ദാരിദ്ര്യ നിർമ്മാർജ്ജന, സാമൂഹ്യ സുരക്ഷാ ഉപജീവന പ്രവർത്തനങ്ങൾ സംയോജിപ്പിക്കുന്നതിനും ഇതിന്റെ ഭാഗമായി ഉണ്ടാവുന്ന പ്രായോഗികവും നയപരവുമായ പ്രശ്നങ്ങൾ യഥാസമയം മനസ്സിലാക്കി ശുപാർശകളും മാർഗനിർദ്ദേശങ്ങളും സർക്കാരിന് നൽകുക എന്നതാണ് കുടുംബശ്രീ സംയോജിത മേൽനോട്ട സമിതിയുടെ മുഖ്യചുമതല. ഇതിനു പുറമേ കുടുംബശ്രീ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിനും ചിട്ടപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും ഓരോ പഞ്ചായത്ത്/നഗരസഭാ പ്രദേശത്തേയും മുഴുവൻ ദിരദ്രർക്കും പാർശ്വവൽക്കരിക്കപ്പെട്ടവർക്കും ഉപജീവന-അതിജീവന സഹായങ്ങൾ യഥാസമയം ബുദ്ധിമുട്ടുകളും തടസ്സങ്ങളും കൂടാതെ സ്വാഭാവികമായി ലഭിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഉറപ്പാക്കുന്നതിനും സർക്കാർ വിവിധ വകുപ്പുകളിലൂടെ നടപ്പിലാക്കുന്ന ദാരിദ്ര്യ നിർമ്മാർജ്ജന സാമൂഹ്യ സുരക്ഷ ഉപജീവന പ്രവർത്തനങ്ങൾ കുടുംബശ്രീ സംവിധാനത്തിലൂടെ സംയോജിപ്പിച്ച് മുഴുവൻ അർഹരായവർക്കും അതിന്റെ പ്രയോജനം ലഭ്യമാക്കുന്നതിനും ഇക്കാര്യത്തിൽ നിലവിലുള്ള സംസ്ഥാന-കുടുംബശ്രീ

മിഷനുകൾക്കും സിഡിഎസ് വിലയിരുത്തൽ സമിതികൾക്കും പിന്തുണയും മാർഗ്ഗനിർദ്ദേശവും നൽകുകയെന്നുള്ളതും കുടുംബശ്രീ സംയോജിത മേൽനോട്ട സമിതിയുടെ പ്രവർത്തനത്തിൽ ഉൾപ്പെടുന്നുണ്ട്.

| | | | |
|---|---|---|---|
| (സി) | കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനും ചിട്ടപ്പെടുത്തുന്നതിനുമായി എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; | (സി) | താഴെപ്പറയുന്നവയാണ് കുടുംബശ്രീ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിനും ചിട്ടപ്പെടുത്തുന്നതിനുമായി കുടുംബശ്രീ സംയോജിത മേൽനോട്ട സമിതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.<br>• ഓരോ പഞ്ചായത്ത്/നഗരസഭാപ്രദേശത്തേയും മുഴുവൻ ദരിദ്രർക്കും പാർശ്വവൽക്കരിക്കപ്പെട്ടവർക്കും ഉപജീവന-അതിജീവന സഹായങ്ങൾ യഥാസമയം ബുദ്ധിമുട്ടുകളും തടസ്സങ്ങളും കൂടാതെ സ്വാഭാവികമായി ലഭിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഉറപ്പാക്കൽ.<br>• സർക്കാർ വിവിധ വകുപ്പുകളിലൂടെ നടപ്പിലാക്കുന്ന ദാരിദ്ര്യ നിർമ്മാർജ്ജന സാമൂഹ്യ സുരക്ഷ ഉപജീവന പ്രവർത്തനങ്ങൾ കുടുംബശ്രീ സംവിധാനത്തിലൂടെ സംയോജിപ്പിച്ച് മുഴുവൻ അർഹരായവർക്കും അതിന്റെ പ്രയോജനം ലഭ്യമാക്കൽ.<br>• ഇക്കാര്യത്തിൽ നിലവിലുള്ള സംസ്ഥാന-കുടുംബശ്രീ മിഷനുകൾക്കും സിഡിഎസ് വിലയിരുത്തൽ സമിതികൾക്കും പിന്തുണയും മാർഗ്ഗ നിർദ്ദേശവും നൽകുക. |
| (ഡി) | പ്രസ്തുത സമിതി ഏതെല്ലാം കാര്യങ്ങളിലാണ് വിലയിരുത്തലുകളും പിന്തുണയും മാർഗ്ഗനിർദ്ദേശവും നൽകുന്നത്; വിശദാംശങ്ങൾ നൽകുമോ? | (ഡി) | താഴെപ്പറയുന്ന കാര്യങ്ങളിലാണ് വിലയിരുത്തലുകളും പിന്തുണയും മാർഗ്ഗനിർദ്ദേശവും മേൽനോട്ട സമിതി ലഭ്യമാക്കുന്നത്:<br>• വിവിധ വകുപ്പുകളുടെ വികസന പദ്ധതികളുടെ ഭാഗമായി നടപ്പിലാക്കുന്ന ദാരിദ്ര്യ നിർമ്മാർജ്ജന, സാമൂഹ്യ സുരക്ഷാ ഉപജീവന പ്രവർത്തനങ്ങൾ സംയോജിപ്പിക്കൽ<br>• ഇതിന്റെ ഭാഗമായി ഉണ്ടാവുന്ന പ്രായോഗികവും നയപരവുമായ പ്രശ്നങ്ങൾ യഥാസമയം മനസ്സിലാക്കി ശുപാർശകളും മാർഗനിർദ്ദേശങ്ങളും സർക്കാരിന് നൽകുക. |

സെക്ഷൻ ഓഫീസർ